പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. **245** 20.12.2012-ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തി യിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന ഓൺലൈൻ സംവിധാനത്തിന്റെ പരീക്ഷണ പരിപാടി അവസാന ഘട്ടത്തിലാണ്. തിരുവനന്തപുരം ജില്ലയിലെ പട്ടം സബ് രജിസ്ട്രാർ ഓഫീസിൽ, പരീക്ഷണാടിസ്ഥാ-നത്തിൽ തുടക്കം കുറിച്ചു. തിരുവനന്തപുരം ജില്ലയിലെ മറ്റ് 9 സബ് രജിസ്ട്രാർ ഓഫീസുകളിൽ കൂടി പദ്ധതിയുടെ പരീക്ഷണ പരിപാടി നടന്നു വരുന്നു. |
| (ബി) പ്രസ്തുത സംവിധാനം പ്രവർത്തനക്ഷമമായിട്ടുണ്ടോ; | (ബി) പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല |

| | |
|---|---|
| (സി) എന്തെല്ലാം വിവരങ്ങളാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്; | (സി) ബാദ്ധ്യതാ സർട്ടിഫിക്കറ്റ്, അടയാള സഹിതം പകർപ്പ് എന്നിവയ്ക്കുള്ള അപേക്ഷകളും , സ്പെഷ്യൽ മാര്യേജിനുള്ള നോട്ടീസും ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനമാണ് ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്നത്. ഭൂമിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ചില വിവരങ്ങൾ, ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറിലൂടെ ഓൺലൈനായി കാണുന്നതിനുള്ള സൗകര്യവും ലക്ഷ്യമിടുന്നുണ്ട്. |
| (ഡി) എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ; | (ഡി) തിരുവനന്തപുരം ജില്ലയിലെ നേമം, പട്ടം, തിരുവനന്തപുരം പ്രിൻസിപ്പൽ, ചാല, ശാസ്തമംഗലം, കഴക്കൂട്ടം, ആറ്റിങ്ങൽ, ചിറയിൻകീഴ്, പോത്തൻകോട്, വർക്കല എന്നീ സബ് രജിസ്ട്രാർ ആഫീസുകളിലാണ് ഓൺലൈൻ സംവിധാനം ആദ്യഘട്ടത്തിൽ ഏർപ്പെടുത്തുന്നത്. |
| (ഇ) സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഇതു നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഇതു നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ